GURUKULAM

# ഗുരുകുലം

## പാഠം മൂന്ന്

## സിംഹവും കടുവായും

ഒരിയ്ക്കൽ ഒരു മാൻ ഒരു കാട്ടിൽ വെടിയേറ്റ് കിടന്നിരുന്നു. ഒരു സിംഹവും ഒരു കടുവായും ഈ മാനിനു വേണ്ടി തർക്കമായി. ഞാനാണ് മാനിനെ ആദ്യം കണ്ടത് എന്ന് സിംഹവും അല്ല താനാണ് എന്ന് കടുവായും തമ്മിൽ വാശി പിടിച്ചു. ഒടുവിൽ രണ്ടു മൃഗങ്ങളും തമ്മിൽ കലഹമായി. തമ്മിൽ മത്സരിച്ച് ബലാബലം നോക്കുകയായി. ആ സമയത്ത് അവിടെ ഒരു കുറുനരി എത്തി. അത് മാനിനെ കണ്ടു അതിനെ സുഖമായി ഭക്ഷിച്ചു. തളർന്ന് വഴക്ക് നിറുത്തിയ സിംഹവും കടുവായും സംഗതി മനസിലാക്കി. അപ്പോൾ അവർ തങ്ങളുടെ വിഡ്ഢിത്തം ഒർത്ത് വ്യസനിച്ചു.

**തമ്മിൽ തമ്മിൽ മത്സരിയ്ക്കുന്നത് വെറുതേയുള്ളവർക്ക് ഉപകാരമാകും.**

GURUKULAM

<u>പാഠം മൂന്ന്</u> <u>സിംഹവും കടുവായും</u> <u>തിയതി</u>: ________

## അഭ്യാസം

I. <u>കഥ വായിച്ചു ഉചിതമായ അക്ഷരങ്ങൾ ചേർത്തു പൂരിപ്പിക്കുക.</u>

1. സിം___ം ________
2. ത___ർന്ന് ________
3. വ ___ക്ക് ________
4. സു___മായി ________
5. തർ___മായി ________
6. മൃ___ങ്ങൾ ________

II. <u>ഉചിതമായ ഇംഗ്ളിഷ് പദങ്ങൾ എഴുതുക.</u>

1. കടുവാ ________
2. മാൻ ________
3. കണ്ടു ________
4. വാശി ________
5. ഭക്ഷിച്ചു ________
6. വിഡ്ഢിത്തം ________
7. വ്യസനിച്ചു. ________
8. ഒടുവിൽ ________
9. സംഗതി ________
10. തമ്മിൽ ________

III. <u>മലയാളത്തിൽ ഉത്തരമെഴുതുക.</u>

1. സിംഹവും കടുവായും എന്തിനുവേണ്ടി തർക്കിച്ചു?

________________________________

2. കുറുനരി അവിടെ എത്തിയപ്പോൾ എന്തുകണ്ടു?

________________________________

3. കുറുനരി എന്തു ചെയ്തു?

________________________________

IV. <u>തന്നിരിക്കുന്ന വാക്കുകൾ എഴുതി അഭ്യസിക്കുക.</u>

| | | | |
|---|---|---|---|
| ഒരിയ്ക്കൽ | കാട്ടിൽ | വെടിയേറ്റു | ഞാനാണ് |
| ആദ്യം | സിംഹവും | തമ്മിൽ | മത്സരിച്ച് |
| വിഡ്ഢിത്തം | സുഖമായി | ഭക്ഷിച്ചു | വഴക്ക് |

GURUKULAM

പാഠം മുന്ന്　　സിംഹവും കടുവായും　　തിയതി:________

## ഗ്രഹപാഠം

I. താഴെ തന്നിരിക്കുന്ന വാക്കുകൾ വാചകത്തിൽ പ്രയോഗിക്കുക.

1. തർക്കിച്ചു: ______________________________
2. തമ്മിൽ: ______________________________
3. സുഖമായി: ______________________________
4. തളർന്ന്: ______________________________

II. കഥ വായിച്ചു വീട്ടിൽ ആരെയെങ്കിലും കേൾപ്പിക്കുക.

ആരെയാണ് കേൾപ്പിച്ചത്? __________. :)

__________________

III. കഥയിൽ നിന്നും ഇഷ്ടപ്പെട്ട പത്തു വാക്കുകൾ എഴുതുക.

______________________________

______________________________

______________________________

______________________________

IV. കഴിഞ്ഞ ഒരാഴ്ച നിങ്ങളുടെ സ്കൂളിൽ നടന്ന എതെങ്കിലും കാര്യത്തെ പററി മൂന്ന് വാചകങ്ങൾ എഴുതുക.

______________________________

______________________________

______________________________